# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1943** — **04.05.2017-ൽ മറുപടിക്ക്**

## കോതമംഗലം മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം

| | ചോദ്യം<br>ശ്രീ ആന്റണി ജോൺ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കോതമംഗലം മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | 27.04.2017 ലെ കണക്കുകൾ പ്രകാരം കോതമംഗലം നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ അപേക്ഷ നൽകിയ 655 ഗുണഭോക്താക്കളിൽ 607 വീടുകൾക്ക് വൈദ്യുത കണക്ഷൻ നൽകിയിട്ടുണ്ട്. 9 കി.മീ 11 കെ.വി ഭൂഗർഭ കേബിൾ, 2 ട്രാൻസ്ഫോർമർ, 5 കി.മീ എൽ.റ്റി ലൈൻ ഉൾപ്പെടുന്ന പ്രവർത്തികളുള്ള ഇടുക്കി കോളനിയെ വൈദ്യുതീകരിക്കുന്ന പ്രവർത്തിയും ലൈൻ എത്തിക്കാൻ കഴിയാത്ത ഉൾപ്രദേശങ്ങളിൽ വികേന്ദ്രീകൃത വിതരണവും ഉത്പാദനവും (DDG) വഴി വൈദ്യുതി എത്തിക്കേണ്ട സ്ഥലങ്ങളിലെ വൈദ്യുതീകരണവുമാണ് ഇനി ബാക്കിയുള്ളത്.<br><br>വൈദ്യുതി ലൈൻ എത്തിയിട്ടില്ലാത്ത ഉൾനാടൻ പ്രദേശങ്ങളിൽ സൗരവൈദ്യുത നിലയം സ്ഥാപിച്ച് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിൽ വരുത്തുന്നതിലേയ്ക്കായി കോതമംഗലം മണ്ഡലത്തിൽ 176 വീടുകൾ വൈദ്യുതീകരിക്കേണ്ടതായുണ്ട്. ഇതിന് വേണ്ടി കരാർ അടിസ്ഥാനത്തിൽ ജോലികൾ പുരോഗമിച്ച് വരുന്നു.2017 മെയ് മാസം രണ്ടാം പകുതിയോടെ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | മണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി എന്നത്തേക്ക് പ്രഖ്യാപിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | | |

Hemalatha

സെക്ഷൻ ഓഫീസർ